## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4490** **06-03-2023 - ൽ മറുപടിയ്ക്ക്**

### തിരൂരങ്ങാടി മണ്ഡലത്തിലെ ലക്ഷം വീട് കോളനിയിലെ 11 കെ.വി. ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ പെരുമണ്ണ ക്ലാരി പഞ്ചായത്തിൽ വാർഡ് മൂന്നിൽപ്പെട്ട ലക്ഷംവീട് കോളനിക്ക് മുകളിലൂടെ പോകുന്ന 11 കെ.വി. ലൈൻ അപകടസാധ്യതയുള്ളതിനാൽ മാറ്റി സ്ഥാപിക്കണമെന്നുള്ള പൊതുജന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരൂരങ്ങാടി മണ്ഡല ത്തിലെ പെരുമണ്ണ-ക്ലാരി ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡിൽപ്പെട്ട ലക്ഷംവീട് കോളനിക്ക് മുകളിലൂടെ പോകുന്ന 11കെ.വി. ലൈൻ മാറ്റി സ്ഥാപിക്കണമെന്നുള്ള കൺവീനർ ശ്രീ. ഏലായി മുസ്തഫ എന്നിവർ ഉൾപ്പെടെ 20 പേർ ചേർന്ന് നൽകിയ പരാതി ലഭിച്ചിട്ടുണ്ട്. പരാതി പ്രകാരം നടത്തിയ പരിശോധനയിൽ വ്യക്തമായിട്ടുള്ള വിവരങ്ങൾ താഴെ പറയുന്നു:- പ്രസ്തുത 11കെ.വി. ലൈൻ എടരിക്കോട് സബ്സ്റ്റേഷനിൽ നിന്ന് തിരൂരങ്ങാടി, വെന്നിയൂർ പ്രദേശങ്ങളിലേക്ക് വൈദ്യുതി വിതരണം ചെയ്യുന്ന 11കെ.വി. തിരൂരങ്ങാടി ഫീഡറിന്റെ കള്ളിക്കൽ വളപ്പ് മുതൽ പോസ്റ്റ് ഓഫീസ് AB വരെയുള്ള 400 മീറ്റർ ഭാഗമാണ്. 1981 ൽ നിർമ്മിച്ചിട്ടുള്ള എടരിക്കോട് സബ്സ്റ്റേഷനോടൊപ്പം തന്നെ സ്ഥാപിച്ചിട്ടു ള്ളതാണ് ഈ ലൈനും. നിർമ്മാണ സമയത്ത് പ്രദേശത്ത് വീടുകളൊന്നും ഉണ്ടായിരുന്നില്ല. ലൈനിന്റെ സുരക്ഷാപരിശോധനകളും മരച്ചില്ലകൾ നീക്കം ചെയ്യുന്നത് ഉൾപ്പെടെയുള്ള എല്ലാ അറ്റകുറ്റപ്പണികളും സമയാസമയങ്ങളിൽ നടത്തി വരുന്നതുമാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | സ്ഥലം പരിശോധിക്കുകയും പ്രസ്തുത11കെ.വി. ലൈൻ മാറ്റി സ്ഥാപിക്കുവാൻ 500m പുതിയ ലൈൻ വലിക്കേണ്ടതായി വരുന്നതിനാൽ ഇതിന് ഉദ്ദേശം 9.5 ലക്ഷം രൂപ ചെലവ് വരുന്നതുമാണെന്ന് കണക്കാക്കുകയും ചെയ്തിട്ടുണ്ട്. ഉണഭോക്താക്കൾ വർക്ക് ഡെപ്പോസിറ്റ് തുക അടവാക്കുന്ന പക്ഷം ലൈൻ നാഷണൽ ഹൈവെയിലേക്ക് മാറ്റി സ്ഥാപിക്കാവുന്നതാണ്. |
| (സി) | പ്രസ്തുത ആവശ്യം മുൻനിർത്തി ബന്ധപ്പെട്ട ജനപ്രതിനിധികൾ ഉദ്യോഗസ്ഥർക്ക് നൽകിയ | (സി) | പരാതിയിൽ പറയുന്ന പ്രദേശം ബന്ധപ്പട്ട ഉദ്യോഗസ്ഥർ പരിശോധിക്കുകയും ഉദ്ദേശം |

| | | | |
|---|---|---|---|
| | നിവേദനത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | | എസ്റ്റിമേറ്റ് തുക കണക്കാക്കുകയും ടി വിവരങ്ങൾ പരാതിക്കാരെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ